പരാതിക്കിടയില്ലാതെയുമാണ് ഈ ഔട്ട്‌ലെറ്റുകൾ പ്രവർത്തിച്ചുവരുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സമീപകാലത്തെ ഉത്തരവിന്റെയും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെയും പശ്ചാത്തലത്തിൽ എക്സൈസ് കമ്മീഷണർ നിയോഗിച്ച ഉദ്യോഗസ്ഥതല സമിതി പ്രസ്തുത ഔട്ട്‌ലെറ്റുകളുടെ സ്ഥലവും കെട്ടിടവും പരിശോധിച്ചതിൽ ഈ ഔട്ട്‌ലെറ്റുകൾക്ക് മതിയായ സൗകര്യം ലഭ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ മാറ്റിസ്ഥാപിക്കേണ്ട ഷോപ്പുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള കാര്യം അറിയിക്കുകയാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ ഷോപ്പുകൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽനിന്നും മാറ്റിസ്ഥാപിക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല.

(4) ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റ്

ശ്രീ. പി. എസ്. സുപാൽ: സർ, കടമ്പാട്ടുകോണം-മധുര ഗ്രീൻ ഫീൽഡ് ഹൈവേയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ജനങ്ങളുടെ ആശങ്ക ദൂരീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പുനലൂർ മണ്ഡലത്തിലെ ഏരൂർ, ആര്യങ്കാവ്, തെന്മല എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഈ ഹൈവേയുടെ ഏരിയൽ സർവ്വേ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കല്ലുകളിട്ടപ്പോൾ അതിൽ ഉൾപ്പെടുന്ന ആരാധനാലയങ്ങളെ സംബന്ധിച്ച് വിശ്വാസികൾക്ക് വലിയ ആശങ്കയുണ്ട്. ജനവാസ കേന്ദ്രത്തിലൂടെയാണ് ഈ പാത കടന്നുപോകുന്നതെന്നതിനാൽ ധാരാളം വീടുകൾ ഒഴിപ്പിക്കേണ്ട സ്ഥിതിയാണ് വരാൻപോകുന്നത്. ചില ബദൽ നിർദ്ദേശങ്ങൾവച്ചുകൊണ്ട് അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തണമെന്നുള്ള ആവശ്യമുയർന്നുവരുന്നുണ്ട്. പതിവ് വസ്തുവും പട്ടയം ലഭിക്കാൻ അർഹതയുണ്ടായിട്ടും പട്ടയം ലഭിക്കാത്ത ഭൂമിയും ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. ഈ പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവരെ ഒഴിപ്പിക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാതെ പോകുന്നത് അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് അലൈൻമെന്റ് മാറ്റുന്ന വിഷയവും നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട ആശങ്കകളും ദൂരീകരിച്ച് ഇതിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി വളരെ അനുഭാവപൂർവ്വമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. കൊല്ലം ജില്ലയിലെ കടമ്പാട്ടുകോണത്തുനിന്നും ആരംഭിച്ച് ചടയമംഗലം, പത്തടി, കുളത്തുപ്പുഴ, തെന്മല, ആര്യങ്കാവ്, ചെങ്കോട്ട വരെയുള്ള 58.915 കിലോമീറ്റർ ദൈർഘ്യമുള്ള ചെങ്കോട്ട-കൊല്ലം എൻ.എച്ച്. 744 നാലുവരി പാതയാക്കി വീതികൂട്ടുന്നതിനുള്ള ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടിക്കായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചുകൊണ്ടുള്ള 3(എ) നോട്ടിഫിക്കേഷൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുണ്ട്. ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി അലൈൻമെന്റ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നിരവധി പരാതികൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം നൽകിയ നിവേദനത്തിന്റെകൂടി അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് ഹൈവേ റോഡ് അലൈൻമെന്റ് മാറ്റുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. അലൈൻമെന്റ് തയ്യാറാക്കുന്നത് ദേശീയ പാത അതോറിറ്റിയും അതിന്റെ ചുമതല വഹിക്കുന്നത് കേന്ദ്ര സർക്കാരുമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരാണ് അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടത്. ബഹുമാനപ്പെട്ട അംഗത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയും പരാതികളുടെ വിശദാംശം സർക്കാർതലത്തിൽ അന്വേഷിക്കുകയും പ്രാഥമികമായി ഇക്കാര്യം ന്യായമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അതിനാൽ ഇവിടെ ഉന്നയിച്ച ആശങ്ക പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണ്. അതോടൊപ്പം, അങ്ങിവിടെ സൂചിപ്പിച്ച ഭൂമി നഷ്ടപ്പെട്ടവരുടെ പ്രശ്നവും ഗൗരവമായ വിഷയമാണ്. ഭൂമി ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ച അലൈൻമെന്റിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നടപടികൾ പരിശോധിച്ചശേഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ പ്രശ്നങ്ങൾ പരിഹരിച്ച് ആശങ്കയകറ്റുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുകയും ചെയ്യും.

(5) ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിലെ പുതിയ കോഴ്സുകൾ

ശ്രീ. കെ. പി. മോഹനൻ: സർ, പുതിയ തലമുറയ്ക്ക് കാർഷിക മേഖലയിൽ പരിജ്ഞാനം, യന്ത്രവത്കരണം, കാർഷികവൃത്തി എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ എന്റെ